**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *50** **03-03-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖല ആകർഷകമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, ടി.എ.അഹമ്മദ് കബീർ<br>,, പാറക്കൽ അബ്ദുല്ല<br>,, കെ.എൻ.എ ഖാദർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖല കൂടുതൽ ആകർഷകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വിനോദസഞ്ചാര മേഖല കൂടുതൽ ആകർഷകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ അതിനായി എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം നടത്തി വരുന്നു. വിനോദ സഞ്ചാരികളുടെ ശുചിത്വവും, സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി വിവിധ |

| | | | |
|---|---|---|---|
| | | | ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ് സ്കീം"<br>• കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി.<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്.<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ആക്കുളം കായലിന്റെ പുനരുജ്ജീവനം<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലീഗ് അടിസ്ഥാനത്തിൽ അനുവദിച്ച "ചാമ്പ്യൻസ് ബോട്ട് ലീഗ്" വള്ളം കളി ടൂർണമെന്റിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നു. |

| | | | |
|---|---|---|---|
| | | | • വിവിധ ടൂറിസം ഉൽപ്പന്നങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പവരുത്തുവാൻ ഉദ്ദേശിച്ചുള്ള അപ്രൂവൽ/ക്ലാസിഫിക്കേഷൻ പദ്ധതികൾ കാലോചിതമായി നവീകരിക്കുന്നു.<br>• സാഹസിക ടൂറിസം മേഖലയുടെ ശാക്തീകരണത്തിനും പരിപോഷണത്തിനു-മായുള്ള രജിസ്ട്രേഷൻ പദ്ധതി ആരംഭിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു.<br>• ടൂറിസം രംഗത്തെ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും നിലവാരവും മൂല്യവും സുരക്ഷിതത്വവും ഉറപ്പാക്കുവാനും ടൂറിസം രംഗത്തെ വിവിധ പ്രവർത്തനങ്ങൾ നിയമാനുസൃതമാക്കുവാനും വേണ്ടി 'കേരള ടൂറിസം റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഇന്ത്യ കൺവെൻഷൻ പ്രമോഷൻ ബ്യൂറോ (ICPB) കേരളം ചാപ്റ്റർ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വിനോദസഞ്ചാര വകുപ്പിലെ പ്രൊഫഷണലിസമില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രവർത്തന ശേഷിയും വിനോദസഞ്ചാരി-കളോടുള്ള പെരുമാറ്റവും മെച്ചപ്പെടുത്താൻ നടപടി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വിനോദസഞ്ചാര വകുപ്പിലെ, പൊതുജനങ്ങളുമായി നേരിട്ടിടപെടുന്ന ജീവനക്കാർക്ക് ഈ ലക്ഷ്യം നേടുന്നതിനായി അവരുടെ പ്രവർത്തനശേഷിയും വിനോദസഞ്ചാരികളോടുള്ള പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**